റോഡുപണികളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ക്ഷേമം

72 (3473)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡു പണികളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് എത്ര യൂണിയനുകൾ ഉണ്ടെന്നറിയിക്കുമോ;

(ബി) റോഡ് നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യ വേതനം നൽകുന്നുണ്ടോ; എങ്കിൽ വേതന നിരക്ക് എത്രയെന്നറിയിക്കുമോ;

(സി) പ്രസ്തുത തൊഴിലാളികളെക്കൊണ്ട് രാത്രികാലത്തും പണിയെടുപ്പിക്കാറുണ്ടോ; എങ്കിൽ ഇപ്രകാരം ജോലി ചെയ്യുന്നതിന് അധികവേതനം നൽകാറുണ്ടോ; എങ്കിൽ വേതന നിരക്ക് എത്രയെന്നറിയിക്കുമോ;

(ഡി) ഇത്തരം തൊഴിലാളികളെ സംബന്ധിക്കുന്ന രജിസ്റ്റർ കോൺട്രാക്ടർമാർ സൂക്ഷിക്കാറുണ്ടോ; എങ്കിൽ പ്രസ്തുത രജിസ്റ്ററിൽ എന്തൊക്കെ വിവരങ്ങളാണ് രേഖപ്പെടുത്താറുള്ളത്;

(ഇ) റോഡ് നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് പ്രസവാവധി നൽകാറുണ്ടോ;

(എഫ്) റോഡ് നിർമ്മാണ തൊഴിലാളികളെ കോൺട്രാക്ടർമാർ ചൂഷണം ചെയ്യുന്നതു തടയുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റോഡു പണികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ മാത്രം അംഗങ്ങളായുള്ള യൂണിയന് രജിസ്ട്രേഷൻ ട്രേഡ് യൂണിയൻ നിയമപ്രകാരം ഇതുവരെ നൽകിയിട്ടില്ല.

(ബി) മിനിമം വേതന നിയമപ്രകാരം റോഡുനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യവേതനമാണ് നിശ്ചയിച്ചിട്ടുള്ളത്. ഇവ താഴെപ്പറയും പ്രകാരമാണ്. റോഡ് ടാറിംഗ്-അടിസ്ഥാനശമ്പളം 22 രൂപ റോഡ് റോളർ ഡ്രൈവിംഗ് -25 രൂപ മേൽപ്പറഞ്ഞ നിരക്കുകൾ പുതുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതു സംബന്ധിച്ച പരാതികളൊന്നും തൊഴിൽ വകുപ്പിൽ ലഭിച്ചിട്ടില്ല.

(ഡി) 1970 ലെ കോൺട്രാക്ട് തൊഴിലാളി നിയമപ്രകാരം കരാർ തൊഴിലാളികളുടെ വിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ കോൺട്രാക്ടർ സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിന്റെ പ്രോഫോർമയുടെ പകർപ്പ് അനുബന്ധമായി† വയ്ക്കുന്നു. ഇതു കൂടാതെ മറ്റ് നിയമപ്രകാരമുള്ള രജിസ്റ്ററുകളും കരാറുകാരൻ സൂക്ഷിക്കുവാൻ ബാദ്ധ്യസ്ഥനാണ്.

(ഇ) 1961-ലെ മെറ്റേർണിറ്റി നിയമം കരാർ തൊഴിലാളികൾക്ക് ബാധകമാക്കിയിട്ടില്ല.

---

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 1970-ലെ കോൺട്രാക്ട് ലേബർ (റഗുലേഷൻ ആന്റ് അബോളിഷൻ) നിയമപ്രകാരം തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ കാലാകാലങ്ങളിൽ പരിശോധനകൾ നടത്തി തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ബീഡിത്തൊഴിലാളികളെ ഇ.എസ്.ഐ.യുടെ പരിധിയിൽ ഉൾപ്പെടുത്താൻ നടപടി

73 (3474)ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബീഡി വ്യവസായത്തിന് ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നതിൽനിന്നും എക്സംപ്ഷൻ നൽകിയിരുന്നത് ഏതു വർഷം വരെ ആയിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) ബീഡിവ്യവസായ യൂണിറ്റുകളെ ഇ.എസ്.ഐ. സ്കീം പരിധിയിൽ നിന്നും താൽക്കാലികമായി ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ;

(സി) ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കാത്തതുമൂലം ബീഡി സഹകരണ സംഘങ്ങൾക്ക് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുടിശ്ശികയുടെ പേരിലെ റിക്കവറി നടപടികൾ ബീഡിമേഖലയെ തകർത്തുകൊണ്ടിരിക്കുന്നതായി അറിവുണ്ടോ;

(ഇ) ഈ നടപടി തുടർന്നാൽ പതിനായിരക്കണക്കിന് തൊഴിലാളികൾ തൊഴിൽ രഹിതരാകുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എക്സംപ്ഷൻ സംബന്ധിച്ച ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ബീഡി വ്യവസായത്തിന് സ്ഥിരമായി എക്സംപ്ഷൻ നൽകുന്നതിന് ആക്ടിൽ വ്യവസ്ഥയില്ല. ഓരോ യൂണിറ്റിൽനിന്നും ലഭിക്കുന്ന അപേക്ഷ സർക്കാർ പരിശോധിച്ച് പ്രസ്തുത കാലയളവിലേയ്ക്ക് അർഹമെന്നു കണ്ടാൽ എക്സംപ്ഷൻ നൽകാറുണ്ട്. കണ്ണൂരിലെ സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനത്തിനും അതിന്റെ പ്രൈമറി യൂണിറ്റുകൾക്കും 29.5.2000 വരെയും നോർത്ത് മലബാർ ബീഡീസ് (പ്രൈവറ്റ്) ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 31.3.99 വരെയും എക്സംപ്ഷൻ നൽകിയിട്ടുണ്ട്. ഇങ്ങനെ വിവിധ യൂണിറ്റുകൾക്ക് വിവിധ കാലയളവിലായിട്ടാണ് എക്സംപ്ഷൻ നൽകിയിട്ടുള്ളത്.

(ബി) ഇല്ല.

(സി) - (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ഇതു സംബന്ധമായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് അർഹമായ യൂണിറ്റുകൾക്ക് എക്സംപ്ഷൻ നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

28.	നന്ദിയോട് ഗ്രാമപഞ്ചായത്ത്	1	95,420	54,887
29.	വിളപ്പിൻ പഞ്ചായത്ത്	1	3,37,670	2,29,113
30.	കടയ്ക്കാവൂർ പഞ്ചായത്ത്	2	10,000	10,000
31.	ഇടവ പഞ്ചായത്ത്	1	4,00,000	3,53,979
32.	ചെറുന്നിയൂർ	2	2,25,000	2,08,500
33.	വെട്ടൂർ പഞ്ചായത്ത്	2	6,20,000	-
34.	പനവൂർ	1	26,220	-

അനുബന്ധം XIV

(28.3.2000-ലെ ചോദ്യം 72 (3473)-ന്റെ ഉത്തരം ദയവായി കാണുക.)

FORM XIII

(See Rule 75)

Register of Workmen Employed by Contractor

Name and address of Contractor ..... Name and address of establishment in/under which contract is carried on .....

Nature and location of work..... Name and address to Principal Employer .....

Name and surname of workman	Age and sex	Father's/ husband's name	Nature of employment/ designation	Nature of employment/designatio	Permanent home address of workman	Local Address	Date of commencement	signature of thumb impression of workman	Date of termination of employment	Reason for termination	Remarks
1	2	3	4	5	6	7	8	9	10	11	12

അനുബന്ധം XV

(28.3.2000-ലെ ചോദ്യം 88 (3489)-ന്റെ ഉത്തരം ദയവായി കാണുക.)

1998-99 ലെ ബോർഡിന്റെ താൽക്കാലിക വാർഷിക കണക്കുപ്രകാരം വിവിധ സ്ഥാപനങ്ങളിൽനിന്ന് ബോർഡ് വാങ്ങിയ വായ്പകളും 31.3.1999-ലെ ശേഷിപ്പ് തുക (Outstanding balance) ചുവടെ ചേർക്കുന്നു.

		തുക കോടിയിൽ
1.	കെ.എസ്.ഇ.ബോണ്ട്	152.90
2.	നോൺ എസ്.എൽ.ആർ. ബോണ്ട്	1395.31
3.	ക്രഡിറ്റ് ലയോണിസ്	186.01
4.	എക്സ്പോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ	109.51
5.	ഐ.ഡി.ബി.ഐ.	282.55
6.	സിഡ്ബി	12.92

LIBRARY ARCHIVES Kerala Legislative Assembly